KSCSTE/703/2024-SC5 03.02.2025

<u>പ്രസിദ്ധീകരണാർത്ഥം  കേരളത്തിലെ എല്ലാ എഡിഷനുകളിലും</u>

## കേരള ശാസ്ത്ര സാഹിത്യ അവാർഡുകൾ (2023) പ്രഖ്യാപിച്ചു

  

സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ ഏർപ്പെടുത്തിയ 2023-ലെ കേരള ശാസ്ത്ര സാഹിത്യ അവാർഡുകൾ പ്രഖ്യാപിച്ചു. മലയാള സാഹിത്യത്തിലൂടെ ശാസ്ത്രവിഷയങ്ങളെ ജനകീയവൽക്കരിക്കുന്നതില് ഗണ്യമായ സംഭാവനകൾ നൽകിയിട്ടുള്ള വ്യക്തികൾക്കാണ് പ്രസ്തുത പുരസ്കാരം നൽകുന്നത്, ജനപ്രിയ ശാസ്ത്ര സാഹിത്യം, ശാസ്ത്ര പത്ര പ്രവർത്തനം, ഗഹനമായ വൈജ്ഞാനിക ശാസ്ത്ര സാഹിത്യം, എന്നീ വിഭാഗങ്ങളിലെ കൃതികളാണ് അവാർഡിന് അർഹമായത്. 50,000 രൂപയും ഫലകവും പ്രശസ്തി പത്രവുമടങ്ങുന്നതാണ് പുരസ്കാരം.

ജനപ്രിയ ശാസ്ത്ര സാഹിത്യത്തിനുള്ള 2023-ലെ പുരസ്കാരം **ശ്രീ .ദീപക് പി രചിച്ച “നിർമിതബുദ്ധികാലത്തെ സാമൂഹിക രാഷ്ട്രീയ ജീവിതം” എന്ന കൃതിക്കാണ്**. ഡിസി ബുക്സ് ആണ് ഇത് പ്രസിദ്ധീകരിച്ചിരിക്കുന്നത് . എറണാകുളം സ്വദേശിയായ ഇദ്ദേഹം  ഇപ്പോൾ യുകെയിലെ ബെൽഫാസ്റ്റിലെ ക്വീൻസ് യൂണിവേഴ്സിറ്റിയിൽ  ആണ് സേവനം അനുഷ്ഠിക്കുന്നത്.

ഗഹനമായ വൈജ്ഞാനിക ശാസ്ത്ര സാഹിത്യത്തിനുള്ള 2023-ലെ പുരസ്കാരത്തിന് അർഹത നേടിയത് **പ്രൊഫ . സതീഷ് പോളിന്റെ " അണു ഭൗതികത്തിലെ സങ്കൽപ്പനങ്ങൾ "** എന്ന കൃതിയാണ് .  യെസ്പ്രസ് ബുക്സ്  പെരുമ്പാവൂർ ആണ് ഇത് പ്രസിദ്ധീകരിച്ചത്. കോതമംഗലം സ്വദേശിയായ ഇദ്ദേഹം അധ്യാപനത്തിൽ നിന്ന് വിരമിച്ച  ശേഷം അക്കാദമിക് പുസ്തക രചനയിലും ചലച്ചിത്ര നിർമ്മാണത്തിലും വ്യാപൃതനാണ്.

ശാസ്ത്ര പത്ര പ്രവർത്തനത്തിനുള്ള  2023 -ലെ  പുരസ്കാരത്തിന് **ശ്രീ. ദിലീപ് മലയാലപ്പുഴ** അർഹനായി. ബഹിരാകാശ ഗവേഷണമടക്കം ശാസ്ത്ര സാങ്കേതിക മേഖലയെ പറ്റി പത്രത്തിൽ തുടർച്ചയായി പ്രസിദ്ധീകരിച്ച ശാസ്ത്രലേഖനങ്ങളാണ് ദിലീപിനെ അവാർഡിന് അർഹനാക്കിയത്. മലയാലപ്പുഴ  സ്വദേശിയായ ഇദ്ദേഹം  ഇപ്പോൾ ദേശാഭിമാനി പത്രത്തിൽ അസിസ്റ്റൻ്റ് എഡിറ്ററായി ജോലി ചെയ്യുന്നു .

**പ്രൊഫ. കെ. പി. സുധീർ**
**എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ് ,** KSCSTE